**Code No. 1002**

**Second Year – March 2016**

Time : 2 $\frac{1}{2}$ Hours
Cool-off time : 15 Minutes

Part – II
# മലയാളം
# (MALAYALAM)
Maximum : 80 Scores

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയവിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യനമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. മലയാള കവിതയിൽ ആധുനികതയ്ക്ക് തുടക്കം കുറിച്ചതായി കരുതപ്പെടുന്ന അയ്യപ്പപ്പണിക്കരുടെ രചനയേത് ?

   [പകലുകൾ – രാത്രികൾ, മോഷണം, കുരുക്ഷേത്രം, മൃത്യുപൂജ]

2. സച്ചിൻ തെൻഡുൽക്കർ അന്താരാഷ്ട്ര ക്രിക്കറ്റിൽ അരങ്ങേറ്റം കുറിച്ചത് ഏതു രാജ്യത്തിനെതിരെ കളിച്ചുകൊണ്ടാണ് ?

   [ശ്രീലങ്ക, പാക്കിസ്ഥാൻ, ദക്ഷിണാഫ്രിക്ക, ആസ്ത്രേലിയ]



HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

3. 'സത്യധർമ്മാദിവെടിഞ്ഞീടിന പുരുഷനെ' എന്തിനെക്കാളും പേടിക്കണമെന്നാണ് ശകുന്തള പറയുന്നത് ?
[പേ പിടിച്ച നായ, മദം പൊട്ടിയ ആന, ക്രുദ്ധനായ സർപ്പം, വെടികൊണ്ട പന്നി]

4. 'അഗ്നിവർണ്ണന്റെ കാലുകൾ' എന്ന നാടകത്തിലെ കഥാപാത്രം ആര് ?
[കേശിനി, കാക്കാത്തി, നമ്പീശനാശാൻ, രാജഗുരു] **(സ്കോർ : 4 × 1 = 4)**

**ചേരുംപടി ചേർക്കുക.**

5. ദയാബായ് – കാക്കാരിശ്ശിനാടകം

6. ഗ്രേസി – മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

7. ഭാർഗ്ഗവൻപിള്ള – പച്ച വിരൽ

8. എം. മുകുന്ദൻ – രണ്ടു സ്വപ്നദർശികൾ **(സ്കോർ : 4 × 1 = 4)**

**കൂട്ടത്തിൽപ്പെടാത്തത് എടുത്തെഴുതുക.**

9. കരിവീട്ടിക്കാതൽ, കൺപീലിക്കാട്, സുവർണ്ണമണി, കവിളത്തഴകേഴ്

10. മഹാകവി വള്ളത്തോൾ, കുഞ്ചൻ നമ്പ്യാർ, കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട്, കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ

11. ചെറിയാൻ കെ. ചെറിയാൻ, അയ്യപ്പപ്പണിക്കർ, കടമ്മനിട്ട, എസ്.കെ. പൊറ്റെക്കാട്

12. കേവലരാമൻ, ചിന്താരാമൻ, കൊത്തുവാൾ, ബാഹുകൻ **(സ്കോർ : 4 × 1 = 4)**

**പ്രസ്താവനകൾ ശരിയോ തെറ്റോ എന്നു കണ്ടെത്തി എഴുതുക.**

13. രാഷ്ട്രീയ നിലപാടുകളുടെപേരിൽ ആദ്യകാലത്ത് പുലിക്കോട്ടിൽ ഹൈദർ വിമർശിക്കപ്പെട്ടിരുന്നു.

14. ഇന്റർനെറ്റിന്റെ ഇന്നത്തെ പ്രധാന ന്യൂനത വിനിമയഭാഷയായി ഇംഗ്ലീഷ് മാത്രമേ ഡിജിറ്റൽവ്യൂഹങ്ങൾക്ക് പഥ്യമാകൂ എന്നതാണ്. **(സ്കോർ : 2 × 1 = 2)**



HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

15. തന്നിട്ടുള്ള പദങ്ങളിൽ ഉചിതമായവ തെരഞ്ഞെടുത്തെഴുതി പട്ടിക പൂർത്തിയാക്കുക.

നാരായണഗിരി, ത്രിവേണീസംഗമം, മാണ്ഡൂക്യോപനിഷത്ത്, സൂര്യകുണ്ഡ്

| ബദരി | യമുനോത്രി |
|---|---|
| • <br> • | • <br> • |

(സ്കോർ : 2 × 1 = 2)

**നാലുവാക്യത്തിൽ ഉത്തരമെഴുതുക.**

16. കാട്ടാളന്റെ നില്പ് കവി ചിത്രീകരിക്കുന്നതെങ്ങനെ ?

17. ബാഹുകവേഷത്തിൽ വന്നത് നളൻതന്നെയെന്ന് കേശിനി തീർച്ചപ്പെടുത്തുന്നതെങ്ങനെ ?

18. "അന്നും ആ പ്രദേശത്തു കാവൽ നിൽക്കുന്ന നമ്മുടെ ജവാൻമാരെയല്ലേ, ദേവൻമാരേക്കാൾ കൂടുതൽ ആദരിക്കേണ്ടത് ?" ഇങ്ങനെ പറയാൻ എസ്.കെ. പൊറ്റെക്കാടിനെ പ്രേരിപ്പിച്ച അനുഭവം എന്ത് ?

19. "സംഗീതത്തെക്കുറിച്ചും എന്നെക്കുറിച്ചും പറയേണ്ടി വരുമ്പോഴൊക്കെ ഞാനെന്റെ ബാപ്പയുടെ ഈണം കേൾക്കുന്നു" – കലാമണ്ഡലം ഹൈദരലി ഇങ്ങനെ പറയുന്നതെന്തുകൊണ്ട് ?

20. ബ്രയാൻ ലാറയിലും സച്ചിൻ തെൻഡുൽക്കറിലും പരസ്പരം സ്നേഹിക്കുന്ന രണ്ടു വലിയ ക്രിക്കറ്റർമാരെ ലേഖകൻ കണ്ടെത്തുന്നതെങ്ങനെ ? (സ്കോർസ് : 5 × 4 = 20)

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

21. പ്രകാശം ജലം പോലെയാകുന്ന രണ്ടു സന്ദർഭങ്ങൾ കഥയിൽ നിന്നു കണ്ടെത്തി ലഘു കുറിപ്പെഴുതുക.

22. "ഇന്നു കേരളത്തിലെ എല്ലാ കലാപാരമ്പര്യങ്ങളും എല്ലാ കേരളീയരുടേതുമാണ്" – എം. എൻ. കാരശ്ശേരിയുടെ ഈ അഭിപ്രായം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

23. 'തലയിൽ തേങ്ങ വീണാൽ ചിരിക്കരുത്' എന്ന 'ഗുണപാഠം' തേങ്ങ എന്ന കവിതയിലെ ഹാസ്യത്തിന് അടിസ്ഥാനമാകുന്നതെങ്ങനെ ? ചർച്ച ചെയ്യുക.

24. പ്രതീതി യാഥാർത്ഥ്യത്തിന്റെ അനുഭവങ്ങൾ "കൈയ്യൊപ്പില്ലാത്ത സന്ദേശം" എന്ന പാഠഭാഗത്ത് എങ്ങനെയൊക്കെയാണ് ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത് ? വിശകലനം ചെയ്യുക.

(സ്കോർസ് : 4 × 5 = 20)



HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

ഓരോന്നിനും ഒന്നരപ്പുറത്തിൽ ഉത്തരമെഴുതുക.

25. "നാടോടിത്തവും ദ്രാവിഡശക്തിയും പാരിസ്ഥിതികാവബോധവും നിറയുന്ന കവിതയാണ് കിരാതവൃത്തം" – ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

"അവകാശങ്ങളുടെ പ്രശ്നം എന്ന കഥ അപമാനവീകരണത്തിന്റെ പ്രശ്നങ്ങളാണ് പങ്കുവയ്ക്കുന്നത്" – ഈ അഭിപ്രായം വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

26. "ചരിത്രാന്വേഷണവും സർഗാത്മകതയും ഇഴ ചേരുന്നവയാണ് യാത്രാവിവരണങ്ങൾ" – എസ്.കെ. പൊറ്റെക്കാടിന്റെയും എം.പി. വീരേന്ദ്രകുമാറിന്റെയും യാത്രാവിവരണ ഭാഗങ്ങൾ താരതമ്യം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

'ഗൗളിജന്മം', 'കണ്ണാടി കാൺമോളവും' എന്നീ രചനകളിൽ പ്രതിഫലിക്കുന്ന സ്ത്രീ ജീവിതാവസ്ഥകൾ ചർച്ച ചെയ്യുക.

27. "മാധ്യമങ്ങൾ ചെയ്യേണ്ടുന്ന കർത്തവ്യങ്ങൾ അവ ചെയ്യുമോ ?" – പി. സായ്നാഥിന്റെ ആശങ്കയുടെ പശ്ചാത്തലത്തിൽ വർത്തമാനകാല മാധ്യമങ്ങളെക്കുറിച്ച് സെമിനാർ പ്രബന്ധം തയ്യാറാക്കുക. താഴെപ്പറയുന്ന സൂചനകൾ പ്രയോജനപ്പെടുത്താം.

- നവ മാധ്യമങ്ങൾ/സാമൂഹിക മാധ്യമങ്ങൾ
- അച്ചടി-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ
- മാധ്യമങ്ങളുടെ നൈതികത
- മാധ്യമപ്രവർത്തകരുടെ പ്രതിബദ്ധത

**അല്ലെങ്കിൽ**

ഭാരതരത്നം നേടിയ ആദ്യകായികതാരമാണ് സച്ചിൻ തെൻഡുൽക്കർ. ഭാരതരത്ന ജേതാവായ സച്ചിനെ ആദരിക്കുന്ന ചടങ്ങിൽ അദ്ദേഹത്തെ പരിചയപ്പെടുത്തിക്കൊണ്ട് നടത്താനായി ഒരു പ്രഭാഷണം തയ്യാറാക്കുക. ('വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ' എന്ന പാഠഭാഗത്തിലെ ആശയങ്ങൾ ഉൾക്കൊള്ളിക്കണം. വ്യക്തി, ക്രിക്കറ്റർ, ഭാരതീയൻ എന്നിങ്ങനെ വിവിധ തലങ്ങൾ പ്രഭാഷണത്തിൽ പരാമർശിക്കപ്പെടണം)

**(സ്കോർസ് : 3 × 8 = 24)**



HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN